# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3269

16/12/2015 ൽ മറുപടിയ്ക്ക്

## വീഡിയോ മാളുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. എ. വാഹീദ്<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. എം. പി. വിൻസെന്റ് | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളും ബോധവൽക്കരണ സന്ദേശങ്ങളും ജനങ്ങളിൽ എത്തിക്കുന്നതിനു വേണ്ടി വീഡിയോ മാളുകൾ സ്ഥാപിക്കുന്നതിന് കർമ്മപദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | സർക്കാരിന്റെ വികസനക്ഷേമ പ്രവർത്തനങ്ങളും ബോധവൽക്കരണ സന്ദേശങ്ങളും ജനങ്ങളിൽ എത്തിക്കുന്നതിനു വേണ്ടി വീഡിയോവാളുകൾ സ്ഥാപിക്കുന്നതിന് കർമ്മപദ്ധതി നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സർക്കാരിന്റെ വികസന പദ്ധതികൾ, പൊതുസന്ദേശങ്ങൾ , സാമൂഹികം, സാംസ്കാരികം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ബോധവൽകരണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പൊതു ജനങ്ങളിൽ എത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് വീഡിയോ വാളുകൾ സ്ഥാപിച്ചു വരുന്നത്. |
| സി) | ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | | 2015-16 സാമ്പത്തിക വർഷം 150 ലക്ഷം രൂപ വീഡിയോവാളിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനോടകം 6 ജില്ലകളിൽ വീഡിയോവാളുകൾ സ്ഥാപിക്കുകയും രണ്ട് ജില്ലകളിൽ സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |

R Jayasree

സെക്ഷൻ ഓഫീസർ